**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 194 — 04.05.2017 -ൽ മറുപടിക്ക്

**വിനോദ സഞ്ചാര വികസന പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ. എം. മുകേഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

എ) വിദേശ, ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിച്ച് വിനോദസഞ്ചാര വ്യവസായ രംഗത്ത് തൊഴിലവസരങ്ങൾ വിപുലപ്പെടുത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെ യാണെന്ന് അറിയിക്കാമോ;

എ) കേരളത്തിലേക്കുള്ള വിദേശ ആഭ്യന്തരസഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനായി കാലാവസ്ഥാ വ്യതിയാനം, ടൂറിസ്റ്റുകൾ കുറവുള്ള മഴക്കാലം എന്നിവയെല്ലാം കണക്കിലെടുത്ത് ഓഫ് സീസൺ ക്യാമ്പയിൻ സംഘടിപ്പിച്ച് വരുന്നു. കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ്ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ച് വരുന്നു. ഉത്തരവാദിത്ത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ് ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി വരുന്നു. വിനോദസഞ്ചാരികളെയും കലാസ്വാദകരെയും ആകർഷിക്കുന്നതിനായി

കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു.

കോവളം, കുമരകം, തേക്കടി, വൈത്തിരി എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിച്ചതിലൂടെ ഈ പദ്ധതിയുടെ ഭാഗമായി നിരവധി ആളുകൾക്ക് വിവിധ മേഖലകളിൽ പരിശീലനം ലഭിക്കുകയും ഇതുവഴി അവർക്ക് പ്രത്യക്ഷമായും പരോക്ഷമായും ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ ടൂറിസം കേന്ദ്രങ്ങളുടെ വികസനം ലക്ഷ്യമിട്ടുള്ളതാണ്. സ്വദേശ വിദേശ ടൂറിസം സംരംഭകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി കേരള ട്രാവൽ മാർട്ട് സംഘടിപ്പിച്ചു വരുന്നു.

| | |
|---|---|
| ബി) വിനോദസഞ്ചാര സാധ്യതയുള്ളത് എന്ന് നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിലെ ഗതാഗതം, താമസ സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനായി ഉള്ള പദ്ധതികൾ എന്തെല്ലാമാണ്; | ബി) കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും സുരക്ഷിതത്വത്തിനും ടൂറിസം വകുപ്പ് മുന്തിയ പരിഗണന നൽകി വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിനായി ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.കൾ തുടങ്ങിയവരുടെ |

കൂട്ടായ്മയിലൂടെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ളതാണ്. സ്വകാര്യ നിക്ഷേപം പരമാവധി പ്രോൽസാഹിപ്പിച്ച് കൂടുതൽ ഹോട്ടലുകൾ, ഹോംസ്റ്റേ സൗകര്യങ്ങൾ എന്നിവ യുടെ പ്രോൽസാഹനവും നടപ്പാക്കി വരുന്നു.

സി) വിനോദസഞ്ചാര കേന്ദ്രങ്ങൾ സുരക്ഷിതവും വൃത്തിയുള്ളതുമാക്കി മാറ്റാൻ ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

സി) കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ നീക്കം, ശുചീകരണം എന്നീ ലക്ഷ്യത്തിലേക്കായി ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതി കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ ഡി.റ്റി.പി.സി.കൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു. ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിനായി ആലപ്പുഴയിലെ വേമ്പനാട് കായൽ, വട്ടക്കായൽ എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ നിയന്ത്രിക്കുന്ന തിനായുള്ള നടപടികളും കൈക്കൊണ്ടു വരുന്നു. വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും, സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിലേക്കായി ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പി ലാക്കി വരുന്നു. വിനോദ സഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പു വരുത്തുന്നതിനും സഞ്ചാരി കൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും, പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനങ്ങളും ഈ പദ്ധതി മുഖാന്തിരം ഏർപ്പെടുത്തി യിട്ടുണ്ട്. കേരളത്തിലെ പ്രധാന ടൂറിസം ആകർഷണ മായ ബീച്ചുകളിൽ സഞ്ചാരികളുടെ സുരക്ഷയ്ക്കായി ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പു വരുത്തിയിട്ടുണ്ട്.

കൂടുതൽ വിനോദസഞ്ചാരികൾ എത്തുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തി വരുന്നു. കൂടാതെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. അപകട സൂചക ബോർഡുകൾ, ജാഗ്രതാ നിർദ്ദേശം നൽകുന്നതിനുള്ള സംവിധാനം എന്നിവയും ടൂറിസം സെന്ററുകളിൽ ഏർപ്പെടുത്തി യിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.